# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4062 03.02.2014 - ൽ മറുപടിക്ക്

**എൻഡോസൾഫാൻ വിഷയവുമായി ബന്ധപ്പെട്ട് രൂപീകരിച്ച ജസ്റ്റിസ് സി. രാമചന്ദ്രൻ നായർ കമ്മിറ്റി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ. ചന്ദ്രശേഖരൻ | ശ്രീ. വി.എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) എൻഡോസൾഫാൻ വിഷയവുമായി ബന്ധപ്പെട്ട് രൂപീകരിച്ച ജസ്റ്റിസ് സി. രാമചന്ദ്രൻ നായർ കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ ; | എ) ജസ്റ്റിസ്. സി. രാമചന്ദ്രൻ നായർ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിലെ ശുപാർശകൾ താഴെ പറയുന്നവയാണ്.<br>1. സർവീസിലുള്ള ജില്ലാ ജഡ്ജിയുടെ റാങ്കിലുള്ള ഏകാംഗ ജുഡീഷ്യൽ ഓഫീസറുടെ നേതൃത്വത്തിൽ നഷ്ടപരിഹാരത്തിനും മറ്റ് ആനുകൂല്യങ്ങൾക്കായുമുള്ള അർഹത സംബന്ധിച്ചുള്ള തർക്കങ്ങൾ പരിഹരിക്കുന്നതിനു വേണ്ടി ട്രിബ്യൂണൽ രൂപീകരിക്കുക.<br>2. മെഡിക്കൽ കോളേജിൽനിന്ന് ആവശ്യമായ സ്പെഷ്യലിസ്റ്റ് ഡോക്ടേഴ്സിനെ ഉൾപ്പെടുത്തി ടീം രൂപീകരിച്ച് രോഗികളെ പരിശോധിക്കുന്നതിനും അർഹത സാക്ഷ്യപ്പെടുത്തുന്നതിനും ട്രിബ്യൂണൽ അനുവദിക്കുന്ന ആനുകൂല്യങ്ങൾക്കായി കാറ്റഗറി തിരിക്കുകയും ചെയ്യുക.<br>3. എൻഡോസൾഫാൻ ദുരിതബാധിതർക്കോ അവരുടെ പ്രതിനിധികൾക്കോ കോടതി ഫീസ് കൂടാതെ സംസ്ഥാന സർക്കാരിനെതിരെ നഷ്ടപരിഹാരം സംബന്ധിച്ച |

കേസുകൾ ഫയൽ ചെയ്യുന്നതിന് ആവശ്യമായ സഹായം നൽകുക.

4. ട്രിബ്യൂണലിന്റെ അധികാരപരിധി നിലവിലെ ചട്ടങ്ങൾക്ക് അനുസൃതമായും സംസ്ഥാന സർക്കാരിന് പ്രതികൂലമായി ബാധിക്കാത്ത രീതിയിൽ വിധി പ്രസ്താവിക്കുന്നതിന് ട്രിബ്യൂണലിന് അധികാരം അനുവദിച്ച് നൽകുക.

5. പ്ലാന്റേഷൻ കോർപ്പറേഷനോ, എൻഡോസൾഫാൻ ഉൽപ്പാദിപ്പിക്കുന്ന കമ്പനികൾക്ക് എതിരെയോ എൻഡോസൾഫാൻ ദുരിത ബാധിതർ സമർപ്പിക്കുന്ന കേസുകൾ ഫയലിൽ സ്വീകരിക്കാതെ സിവിൽ കോടതിക്ക് അതിനുള്ള അധികാരം ഉള്ളതിനാൽ സിവിൽ കോടതിയിൽ ഫയൽ ചെയ്യുന്നതിനായി മടക്കി നൽകുക.

6. സംസ്ഥാന ഫണ്ടും കേന്ദ്രസർക്കാരിൽ നിന്നും പ്ലാന്റേഷൻ കോർപ്പറേഷനിൽ നിന്നും കമ്മീഷൻ ശുപാർശ ചെയ്യുന്ന മറ്റുള്ളവരിൽ നിന്നും ലഭിക്കുന്ന സംഭാവനകളും ഫണ്ടും കൂടാതെ സർക്കാർ തീരുമാനിക്കുന്ന മറ്റ് സ്രോതസ്സുകളും ഉപയോഗിച്ച് ഒരു എൻഡോസൾഫാൻ റിലീഫ് ഫണ്ട് രൂപീകരിക്കുക.

7. ട്രിബ്യൂണൽ ഉത്തരവിടുന്ന നഷ്ട പരിഹാരവും മറ്റാനുകൂല്യങ്ങളും ദുരിത ബാധിതർക്ക് ലഭ്യമാക്കുന്നതിനു വേണ്ടി ജില്ലാ തലത്തിൽ ഒരു ഏജൻസി രൂപീകരിക്കുക.

8. ട്രിബ്യൂണലിന് സംസ്ഥാന/ജില്ലാ ഭരണകൂടം/നടപ്പിലാക്കുന്ന ഏജൻസി ഇവർക്കെതിരെ ഉത്തരവുകൾ നൽകുന്നതിനും നടപടികൾ സ്വീകരിക്കുന്നതിനും ഉള്ള അധികാര

| | | | |
|---|---|---|---|
| | | | ങ്ങൾ നൽകുകയും ട്രിബ്യൂണലിന്റെ ഉത്തരവുകൾക്ക് അന്തിമവും ആധികാരിക വുമായി നടപ്പിലാക്കേണ്ടതിന് മതിയായ അധികാരം ട്രിബ്യൂണലിന് നൽകുക. |
| ബി) | പ്രസ്തുത ശുപാർശകൾ നടപ്പിലാക്കുന്നതിന് എന്തൊക്കെ നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്താമോ ? | ബി) | ശുപാർശകൾ നടപ്പിലാക്കുന്നത് സംബന്ധിച്ചുള്ള വിഷയത്തിൽ തുടർനടപടിയൊന്നും സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ